പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

17/8/2017 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *225

# കന്നുകാലി സംരക്ഷണ പദ്ധതികൾ

**ചോദ്യം**

ശ്രീ.സി.കൃഷ്ണൻ

ശ്രീ.കെ. ബാബു

ശ്രീ.കെ.കുഞ്ഞിരാമൻ

ശ്രീ.പി.വി. അൻവർ

**മറുപടി**

അഡ്വ .കെ.രാജു

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പശുക്കുട്ടികളെ ദത്തെടുത്ത് ശാസ്ത്രീയ പരിചരണം ലഭ്യമാക്കുന്നതിന് കന്നുകുട്ടി പരിപാലന, ഗോവർദ്ധിനി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | നടപ്പാക്കി വരുന്നുണ്ട്. വിശദീകരണക്കുറിപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| ബി) | ശാസ്ത്രീയ പരിരക്ഷ ഉറപ്പാക്കുന്നതിനായി കന്നാകുട്ടികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | ബി) | കാഫ് അഡോപ്ഷൻ പ്രോഗ്രാം , ഗോവർദ്ധിനി എന്നീ പദ്ധതികളിൽ ഉൾപ്പെടുന്ന എല്ലാ കന്നുകുട്ടികൾക്കും നാല് മുതൽ 32മാസം പ്രായം വരെ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50% സബ്സിഡിയും 50% ഗുണഭോക്തൃ വിഹിതവുമാണ്. |
| സി) | മുഴുവൻ കന്നാകാലികൾക്കും കുളമ്പുരോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്ന ഗോരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | സി) | നടപ്പിലാക്കിയിട്ടുണ്ട്. വിശദീകരണക്കുറിപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

2017-18 സാമ്പത്തിക വർഷത്തിൽ കാഫ് അഡോപ്ഷൻ പ്രോഗ്രം, ഗോവർദ്ധിനി എന്നീ പദ്ധതികളിലായി 20622, 14448 കന്നുകുട്ടികളെ വീതം ഉൾപ്പെടുത്തിയിട്ടുണ്ട്. നാല് മുതൽ ആറു മാസം വരെ പ്രായമുള്ള കന്നുകുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. കാഫ് അഡോപ്ഷൻ പ്രോഗ്രം പദ്ധതിയിൽ ഗ്രാമ സഭയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഗോവർദ്ധിനി പദ്ധതിയിൽ മൃഗാശുപത്രിയിൽ സൂക്ഷിക്കുന്ന കന്നുക്കുട്ടി ജനന രജിസ്റ്ററിൽ നിന്നും മുൻഗണനാക്രമത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. പദ്ധതിയിൽ വരിചേർത്ത് കന്നുക്കുട്ടികൾക്ക് മുപ്പത് മാസ് പ്രായം വരെ വ്യക്തിഗത സബ്സിഡി പരിധിയ്ക്ക് വിധേയമായി നിശ്ചിത അളവിൽ മാസം തോറും പകുതി വിലയ്ക്ക് പോഷകാഹാരം നൽകുന്നു. തെരഞ്ഞെടുക്കപ്പെട്ട ക്ഷീര സംഘങ്ങൾ മുഖേനയാണ് തീറ്റ വിതരണം നടത്തുന്നത്. പ്രസ്തുത കന്നുക്കുട്ടികൾക്ക് പദ്ധതി കാലയളവിൽ ആവശ്യാനുസരണം വിരമരുന്ന്, പ്രതിരോധ കുത്തിവയ്പ്പുകൾ, ആരോഗ്യ പരിരക്ഷ മുതലായവയും നൽകുന്നു. ഗുണഭോക്താവിന് പദ്ധതിയുടെ തുടക്കത്തിൽ കന്നുക്കുട്ടി പരിപാലനത്തിൽ ശാസ്ത്രീയ പരിശീലനം നൽകുന്നു. നിലവിൽ വ്യക്തിഗത സബ്സിഡി പരിധി 12,500/- രൂപയാണ്.

വാക്സിനേഷൻ സ്ക്വാഡുകൾക്കുള്ള ട്രയിനിംഗ് എല്ലാ ജില്ലകളിലും നടത്തുകയുണ്ടായി. കുളമ്പ് രോഗത്തെക്കുറിച്ചും, പ്രതിരോധ പ്രവർത്തനങ്ങളുടെ ആവശ്യകതയെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് കർഷകർ, പഞ്ചായത്ത് പ്രതിനിധികൾ, ക്ഷീര സഹകരണ സംഘം പ്രതിനിധികൾ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് മേഖലാ തലത്തിൽ സംസ്ഥാനത്ത് സെമിനാറുകൾ നടത്തുന്നുണ്ട്. അനുബന്ധ വകുപ്പുകളായ ക്ഷീര വികസനം, തദ്ദേശ സ്വയംഭരണ വകുപ്പ്, മിൽമ എന്നിവയുടെ സഹകരണം ഉറപ്പാക്കുകയും പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. മൃഗസംരക്ഷണ വകുപ്പിലെ കാറ്റഗറിക്കൽ സംഘടനകളുടേയും, ഇതര സർവ്വീസ് സംഘടനകളുടേയും സംസ്ഥാന തല ഭാരവാഹികളുടേയും യോഗം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടി പദ്ധതി പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊണ്ടു. സംസ്ഥാന തല ബോധവത്ക്കരണത്തിന്റെ ഭാഗമായി അച്ചടി, ദൃശ്യ, ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെ ആവശ്യമായ പരസ്യങ്ങൾ നൽകുകയും അവബോധം നൽകുകയും ചെയ്തു. പഞ്ചായത്തു തലത്തിൽ മൈക്ക് അനൗൺസ്മെന്റ്, ലഘുലേഖകൾ വിതരണം, പോസ്റ്ററുകൾ പതിക്കൽ എന്നിവയ്ക്കു പുറമെ കർഷകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സെമിനാറുകൾ, ക്ഷീര സഹകരണ സംഘങ്ങൾ/മൃഗാശുപത്രികൾ എന്നിവിടങ്ങളിൽ നടത്തുകയുണ്ടായി. സംസ്ഥാനത്ത് ഇതുവരെ 22 തുടർ ഘട്ടങ്ങൾ പൂർത്തിയായി. വാക്സിനേഷൻ നൽകാൻ വിട്ടുപോയ കന്നുകാലികൾക്ക് വീടുവീടാന്തരമുള്ള വാക്സിനേഷൻ നൽകും.